**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2299** **30-09-2025 - ൽ മറുപടിയ്ക്ക്**

**ക്രഷ് ജീവനക്കാരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പിഞ്ചുകുഞ്ഞുങ്ങളെ പരിപാലിച്ചിരുന്ന ക്രഷുകൾ അടച്ചുപൂട്ടി അംഗൻവാടികൾക്ക് കീഴിലാക്കിയപ്പോൾ ക്രഷുകളിലെ ജീവനക്കാരെ മുഴുവൻ സാമൂഹ്യ നീതി വകുപ്പിലേക്ക് പുനർവിന്യസിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | നാഷണൽ ക്രഷ് സ്കീമിനെ മിഷൻ ശക്തി അംബ്രല സ്കീമിലെ പൽന കംപോണന്റിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി സംസ്ഥാനത്ത് 304 അങ്കണവാടി കം ക്രഷുകൾ ആരംഭിക്കുന്നതിന് കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം അനുമതി നൽകിയതിനെ തുടർന്ന് സംസ്ഥാനത്ത് അംഗനവാടി കം ക്രഷ് പദ്ധതി നടപ്പിലാക്കി 31/08/2024 ലെ സ.ഉ (സാധാ) 345/2024-വശിവിവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു. നിലവിൽ വകുപ്പിനു കീഴിലെ ക്രഷുകളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 23.01.2025 ലെ സ.ഉ(സാധാ)28/2025-വശിവിവ നമ്പർ ഉത്തരവ് പ്രകാരം ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. സ്റ്റാന്റ് എലോൺ ക്രഷുകളിലെ ജീവനക്കാരിൽ നിന്നും ഓപ്ഷൻ ക്ഷണിക്കുകയും സ്കീം മാനദണ്ഡ പ്രകാരമുള്ള യോഗ്യത കൂടി കണക്കിലെടുത്ത് അങ്കണവാടി കം ക്രഷിന്റെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് ക്രഷ് ജീവനക്കാർ നൽകിയിട്ടുള്ള ഓപ്ഷനിൽ നിന്നും അനുയോജ്യമായ സ്ഥലങ്ങളിൽ അപ്രകാരം നിയമനം നൽകുകയും അല്ലാത്തയിടങ്ങളിൽ പൊതുവായി നിയമനം നൽകി വരികയും ചെയ്യുന്നു. |
| (ബി) | ഇപ്രകാരം പുനർവിന്യസിച്ചപ്പോൾ ജീവനക്കാർക്ക് നേരത്തെ ലഭിച്ചിരുന്ന ശമ്പളം/ അലവൻസ് നിരക്കുകൾ കുറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ സാഹചര്യം വ്യക്തമാക്കാമോ; കുറവുണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (ബി) | പൽന സ്കീം പ്രകാരം പ്രവർത്തിച്ചിരുന്ന ക്രഷുകളിലെ വർക്കർ, ഹെൽപ്പർമാർക്ക് പ്രതിമാസ ഓണറേറിയമായി 60:40 അനുപാതത്തിൽ കേന്ദ്ര - സംസ്ഥാന സർക്കാർ വിഹിതമായി 6500, 3250 രൂപ അനുവദിച്ച് വന്നിരുന്നു. ഇത് കൂടാതെ ക്രഷുകളിലെ വർക്കർ, ഹെൽപ്പർമാർക്ക് യഥാക്രമം 1000, 500 രൂപ പ്രതിമാസ നിരക്കിൽ സംസ്ഥാന സർക്കാർ അധിക ഓണറേറിയമായി അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>എന്നാൽ പുതുക്കിയ കേന്ദ്രമാനദണ്ഡപ്രകാരം അങ്കണവാടി കം ക്രഷ് സ്കീമിലെ ക്രഷ് വർക്കർ ഹെൽപ്പർമാർക്ക് യഥാക്രമം 5500, 3000 രൂപ മാത്രമാണ് പ്രതിമാസ ഓണറേറിയമായി നിലവിൽ അനുവദനീയമായിട്ടുള്ളത്.<br><br>കേരളത്തിന്റെ ജീവിത നിലവാരവും ക്രഷ് വർക്കർ, ഹെൽപ്പർമാർ നൽകുന്ന സേവനവും പരിഗണിക്കുമ്പോൾ ടി ഓണറേറിയം തുക കുറവായതിനാൽ ആയത് വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂടി ഉൾപ്പെടുത്തി അങ്കണവാടി കം ക്രഷിലെ വർക്കർ, ഹെൽപ്പർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

<table>
<tr>
<td>(സി)</td>
<td>ക്രഷുകളിലെ അദ്ധ്യാപകർക്കും ആയമാർക്കും എത്ര തുക വീതമാണ് ഇപ്പോൾ ശമ്പളം നൽകുന്നതെന്നും ഇതിൽ കേന്ദ്ര വിഹിതവും സംസ്ഥാനം വിഹിതവും എത്ര വീതമാണെന്നും വ്യക്തമാക്കുമോ; നിലവിൽ ജീവനക്കാർക്ക് നൽകുവാനുള്ള ശമ്പള കുടിശിക എത്രയാണെന്നും ഇത് എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്നും വ്യക്തമാക്കാമോ?</td>
<td>(സി)</td>
<td>
അങ്കണവാടി കം ക്രഷ് സ്കീമിലെ ക്രഷ് വർക്കർ, ഹെൽപ്പർമാർക്ക് യഥാക്രമം 5500, 3000 രൂപ മാത്രമാണ് പ്രതിമാസ ഓണറേറിയമായി നിലവിൽ അനുവദനീയമായിട്ടുള്ളത്. അതിൽ ഉൾപ്പെട്ടിട്ടുള്ള കേന്ദ്ര - സംസ്ഥാന വിഹിതം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ജീവനക്കാർ</th><th>അനുവദിക്കുന്ന പരമാവധി പ്രതിമാസ ഓണറേറിയം</th><th>കേന്ദ്ര വിഹിതം (60%)</th><th>സംസ്ഥാന വിഹിതം (40%)</th></tr>
<tr><td>അങ്കണവാടി കം ക്രഷ്- ക്രഷ് വർക്കർ</td><td>5,500</td><td>3,300</td><td>2,200</td></tr>
<tr><td>അങ്കണവാടി കം ക്രഷ്- ക്രഷ് ഹെൽപ്പർ</td><td>3,000</td><td>1,800</td><td>1,200</td></tr>
</table>
നിലവിൽ പ്രവർത്തനം ആരംഭിച്ച അങ്കണവാടി കം ക്രഷുകളിലെ വർക്കർ, ഹെൽപ്പർമാർക്ക് 2025 ആഗസ്റ്റ് മാസം വരെയുള്ള ഓണറേറിയം ഗ്രാന്റ് നൽകുന്നതിനുള്ള ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്.
ക്രഷുകൾക്ക് 31/03/2025 തീയതി വരെ ഓണറേറിയം ഉൾപ്പെടെയുള്ള കുടിശിക ഗ്രാന്റ് ഇനത്തിൽ അനുവദിച്ച് നൽകേണ്ട കേന്ദ്ര വിഹിതമായ 6,32,16,019 രൂപ (60%) ലഭ്യമാകേണ്ടതുണ്ട്. കേന്ദ്ര റിലീസ് ലഭ്യമായാലുടൻ ആനുപാതിക സംസ്ഥാന വിഹിതമായ (40%) 4,21,44,013 രൂപ ഉൾപ്പെടെ ക്രഷുകൾക്ക് അനുവദിച്ച് നൽകുന്നതാണ്.
</td>
</tr>
</table>

സെക്ഷൻ ഓഫീസർ